കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.5, 3.14, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3536/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 27.11.2015

പരാമർശം : 1. വണ്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 26.09.2014 – തിയതിയിലെ എ 2/7797/14 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 20.05.2015 – തിയതിയിലെ എം3/14422/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.09.2015 – തിയതിയിലെ എൽ.എഫ്.8308/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.5 – പ്രകാരം, പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 5.4 പ്രകാരം 10000 രൂപാക്കു മുകളിലുള്ള കിഴിവ് അനുവദിക്കുന്നതിനു മുൻപായി സർക്കാരിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ് എന്ന നിബന്ധന പാലിക്കാതെ അങ്ങാടിപ്പൊയിൽ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സിലെ മൂന്നു മുറികളുടെ വാടക ഒഴിവാക്കിയതിലൂടെ പഞ്ചായത്തിന് 33345 രൂപാ (മുപ്പത്തിമൂവായിരത്തി മുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപാ മാത്രം) നഷ്ടമുണ്ടായിട്ടുണ്ടെന്നും പഞ്ചായത്ത് ചട്ടം പാലിക്കാതെ കിഴിവ് അനുവദിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ് എന്നും നിർദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അങ്ങാടിപ്പൊയിൽ ബസ്സ്റ്റാന്റ് പുനരുദ്ധാരണം നടത്തിയപ്പോൾ ടി സ്ഥലത്തുള്ള കടമുറികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമായിരുന്നതിനാലാണ് ഷോപ്പിംഗ് കോംപ്ളക്സിലെ മൂന്നു മുറികളുടെ വാടക ഇക്കാലയളവിൽ ഒഴിവാക്കി നൽകിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം

.........2

പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ ആവശ്യം അംഗീകരിച്ച് ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിൽ ആ വകുപ്പിന് എതിരഭിപ്രായമില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം, വിദ്യാർത്ഥികൾക്കായി പുസ്തകം വിതരണം ചെയ്യുന്നത് സബ്സിഡി മാർഗ്ഗരേഖ, പ്രകാരം നിയന്ത്രിച്ചിട്ടുള്ളതിനാൽ പഠനോപകരണ പരിഹാരം പദ്ധതിയുടെ ഭാഗമായി 1000 പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് കുട്ടികൾക്ക് നൽകിയ ഇനത്തിലുള്ള 50,000 രൂപാ (അൻപതിനായിരം മാത്രം) തടസ്സപ്പെടുത്തുകയും ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണെന്ന് നിർദേശിക്കുകയും ചെയ്തിരുന്നു. പൊതുവെ വിദ്യാഭ്യാസ പരമായി പിന്നോക്കം നിന്നിരുന്ന പഞ്ചായത്തിലെ ദരിദ്രരായ കുട്ടികൾക്ക് പഠനത്തിൽ ഒരു കൈത്താങ്ങ് നൽകുക എന്ന സദുദ്ദേശത്തോടു കൂടിയാണ് പദ്ധതിക്ക് രൂപം കൊടുത്തതെന്നും ഇത്തരത്തിൽ പുസ്തകം വിതരണം ചെയ്തത് കുട്ടികൾക്ക് സഹായകരമായിയെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലും പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായാണ് പണം ചെലവഴിച്ചിരിക്കുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നുമാണ് പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം, ഒരു സംയോജിത ഉൽപ്പാദന വിതരണ പദ്ധതിയുടെ ഭാഗമായി മാത്രമേ സബ്സീഡി നിരക്കിൽ വിത്തു വിതരണ പരിപാടികൾ നടത്താവൂ എന്ന് സബ്സീഡി മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കാതെ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അടുക്കളത്തോട്ടം പച്ചക്കറി പദ്ധതിയുടെ ചെലവിനത്തിലുള്ള 1,00,000 രൂപാ (ഒരു ലക്ഷം രൂപാ മാത്രം) തടസ്സപ്പെടുത്തിയിരുന്നു. വണ്ടൂർ പഞ്ചായത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് പദ്ധതി തയ്യാറാക്കിയതെന്നും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതിനാലും ഇക്കാര്യത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലാത്തതിനാലും മേൽ ചെലവിന് സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലും പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിലും സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായാണ് പഞ്ചായത്ത് പണം ചെലവഴിച്ചിരിക്കുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിലും സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നുമാണ് പരാമർശം മൂന്ന് കത്ത് പ്രകാരം

.......3

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വണ്ടൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.5 ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു . പുസ്തകം വിതരണം ചെയ്തത് കുട്ടികൾക്ക് സഹായകരമായിയെന്ന പഞ്ചായത്തിന്റെ അഭിപ്രായം കണക്കിലെടുത്ത് 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.14 – നും അടുക്കളത്തോട്ടം പച്ചക്കറി പദ്ധതി ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തികരിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്നുമുള്ള പഞ്ചായത്തിന്റെ അഭിപ്രായം കണക്കിലെടുത്ത് 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 - നും സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
 റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, വണ്ടൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ